## ട്രാൻസ്പോർട്ട് വകുപ്പിൽ പുതിയ തസ്തികകൾ

**131 (838)** ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ആന്റ് എ. ആർ. ഡി. യുടെ വർക്ക്സ്റ്റഡി റിപ്പോർട്ടിന്റെയും ചടയമംഗലം ബസപകട അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണർ പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളുണ്ടെന്ന് വിശദവിവരം നൽകുമോ ;

(സി) പുതിയ എത്ര എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ തുടങ്ങുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട് ;

(ഡി) പുതിയ എത്ര ചെക്ക് പോസ്റ്റുകൾ ആരംഭിക്കുവാനാണ് നിർദ്ദേശം ;

(ഇ) പ്രൊപ്പോസൽ പ്രകാരം ആർ. ടി. ഒ., ജോയിന്റ് ആർ. ടി. ഒ., എം. വി. ഐ., എ. എം. വി. ഐ. ഇവരുടെ എത്ര പുതിയ തസ്തികകളാണ് നിർദ്ദേശിച്ചിട്ടുള്ളത് ;

(എഫ്) ഒരു എ. എം. വി. ഐ. ഒരു മാസം ശരാശരി എത്ര രൂപ കോംമ്പൗണ്ടിംഗ് ഫീ ഈടാക്കുന്നുണ്ട് ;

(ജി) 2000 ഏപ്രിൽ ഒന്നാം തീയതി മുതൽ നാളിതുവരെ മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയിൽ എത്ര രൂപ പിഴ ഈടാക്കിയിട്ടുണ്ട് ;

(എച്ച്) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഐ) ജോയിന്റ് ആർ. ടി. ഓഫീസുകളിൽ എല്ലാ ദിവസവും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടെസ്റ്റ് നടത്താറുണ്ടോ ;

(ജെ) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെപറയുന്ന തസ്തികകൾ ഉൾപ്പെടുന്നുണ്ട്.

1. ആർ. ടി. ഒ.
2. ജോയിന്റ് ആർ. ടി. ഒ.
3. എം. വി. ഐ.
4. അസിസ്റ്റന്റ് എം. വി. ഐ.
5. സീനിയർ സൂപ്രണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. ജൂനിയർ സൂപ്രണ്ട്.

7. ഹെഡ് അക്കൗണ്ടന്റ്.

8. ക്ലാർക്ക്.

9. ടൈപ്പിസ്റ്റ്.

10. ഡ്രൈവർ.

11. അറ്റന്റർ.

12. പ്യൂൺ.

13. സ്വീപ്പർ

14. പി. ആർ. ഒ.

(സി) 15. (പതിനഞ്ച്)

(ഡി) നാല്.

(ഇ) ഇനം തിരിച്ച കണക്ക് താഴെ ചേർക്കുന്നു.

ആർ. ടി. ഒ - 3

ജോയിന്റ് ആർ. ടി. ഒ - 16

എം. വി. ഐ. - 81

എ. എം. വി. ഐ - 181

(എഫ്&ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളും ആസ്ഥാനമാക്കി അഞ്ചു പുതിയ മൊബൈൽ എൻഫോഴ്സ്മെന്റ് സ്കാഡ് രൂപീകരിക്കാൻ അനുമതി നൽകി.

(ഐ) ഇല്ല.

(ജെ) സബ് ആർ. ടി. ഓഫീസുകളിൽ ഫിറ്റ്നസ് നൽകുന്നതിന് വേണ്ടിയുള്ള വാഹനങ്ങളുടെ എണ്ണം കുറവായതുകൊണ്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ഫീൽഡുവർക്ക് ഉള്ളതുകൊണ്ടും എല്ലാ ദിവസവും ഫിറ്റ്നസ് ടെസ്റ്റ് നടത്താറില്ല.

## ചെക്ക്പോസ്റ്റുകളിലെ വെയ്ബ്രിഡ്ജ്

132 (839) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിർത്തി ചെക്ക്പോസ്റ്റുകളിൽ വാഹന വകുപ്പ് വെയ്ബ്രിഡ്ജ് സ്ഥാപിക്കാത്തതിനാൽ ഉണ്ടാകുന്ന നഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാഹനവകുപ്പ് ഉദ്യോഗസ്ഥരും സ്വകാര്യ വെയ്ബ്രിഡ്ജ് ഉടമസ്ഥരും കൂടി ചെക്ക് പോസ്റ്റിലൂടെ പോകുന്ന മുഴുവൻ ലോറിയും നിർബന്ധമായും തൂക്കം

LIBRARY ARCHIVES Kerala Legislative Assembly